# CAREER Updates
# പത്രവൃത്താന്തം

**04.08.2024 (ഞായർ)**




- ➩ 2024-ലെ പാരീസ് ഒളിമ്പിക്സിൽ വനിതകളുടെ 100 മീറ്റർ ഓട്ടത്തിൽ സ്വർണ്ണ മെഡൽ നേടിയ താരം
- ✔ ജൂലിയൻ ആൽഫ്രഡ്
- 100 മീറ്റർ 10.72 സെക്കന്റ് കൊണ്ട് ഓടിയെത്തിയാണ് ജൂലിയൻ ആൽഫ്രഡ് ഒന്നാം സ്ഥാനം നേടിയത്. കരീബിയൻ ദ്വീപായ സെന്റ് ലൂസിയയിൽ നിന്നുള്ള താരമാണ് ജൂലിയൻ ആൽഫ്രഡ്. ഒളിമ്പിക്സിൽ ഏതെങ്കിലുമൊരു കായിക ഇനത്തിൽ സെന്റ് ലൂസിയൻ താരം നേടുന്ന ആദ്യ മെഡൽ കൂടിയാണ് ഇത്.
- 10.87 സെക്കന്റിൽ 100 മീറ്റർ ഫിനിഷ് ചെയ്ത അമേരിക്കൻ താരം ഷക്കാരി റിച്ചാർഡ്സൺ ആണ് വെള്ളി മെഡൽ നേടിയത്. അമേരിക്കയുടെ തന്നെ മെലിസ ജഫേഴ്സൺ (10.92 സെക്കന്റ്) ആണ് വെങ്കല മെഡൽ സ്വന്തമാക്കിയത്.

- ➩ 2024 ആഗസ്റ്റിൽ അന്തരിച്ച വിഖ്യാത ഇന്ത്യൻ നർത്തകി
- ✔ യാമിനി കൃഷ്ണമൂർത്തി
- ഭരതനാട്യത്തിലും കുച്ചിപ്പുടിയിലും പ്രാവീണ്യം നേടിയിട്ടുള്ള യാമിനി കൃഷ്ണമൂർത്തിയെ 2016-ൽ പത്മവിഭൂഷൺ നൽകി രാജ്യം ആദരിച്ചു. 1968-ൽ തന്റെ 28-ാം വയസ്സിൽ പത്മശ്രീ നേടിയ യാമിനി ഏറ്റവും ചെറിയ പ്രായത്തിൽ ഈ ബഹുമതി സ്വന്തമാക്കുന്ന വനിത കൂടിയാണ്.
- ➩ ജി സാറ്റ് ഉപഗ്രഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിനായി ന്യൂ സ്പെയ്സ് ഇന്ത്യ ലിമിറ്റഡുമായി അടുത്തിയെ കരാറിലൊപ്പുവച്ച ഇന്ത്യൻ സംസ്ഥാനങ്ങൾ
- ✔ കേരളം, ആന്ധ്രപ്രദേശ്, തെലങ്കാന
- ➩ കേരളത്തിലെ ആദ്യത്തെ മറൈൻ ഓഷ്യാനേറിയം നിലവിൽ വരുന്ന ജില്ല
- ✔ കൊല്ലം
- ➩ 2024 ആഗസ്റ്റിൽ സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി നിയമിതനായത്
- ✔ ഗ്രിൻസൺ ജോർജ്ജ്
- ➩ 2024 ആഗസ്റ്റിൽ ടെന്നീസിൽ നിന്ന് വിരമിക്കുന്നതായി പ്രഖ്യാപിച്ച മുൻ ലോക ഒന്നാം നമ്പർ താരം ആൻഡി മറേ ഏത് രാജ്യക്കാരനാണ്?
- ✔ ബ്രിട്ടൺ
- ➩ കുട്ടികളുടെ നഴ്സറി പ്രവേശനത്തിന് വിദ്യാഭ്യാസ അവകാശ നിയമം ബാധകമാണെന്ന വിധി 2024 ആഗസ്റ്റിൽ പ്രസ്താവിച്ച ഹൈക്കോടതി
- ✔ മദ്രാസ് ഹൈക്കോടതി
- ➩ 2025-ൽ നടക്കാനിരിക്കുന്ന പുരുഷ ഏഷ്യ കപ്പ് ക്രിക്കറ്റിന് വേദിയാകുന്ന രാജ്യം
- ✔ ഇന്ത്യ
- ➩ അടുത്തിടെ പ്രകാശനം ചെയ്യപ്പെട്ട 'മൂങ്ങ' എന്ന കഥാസമാഹാരത്തിന്റെ രചയിതാവ്
- ✔ പി.എഫ്. മാത്യൂസ്

CAREER GUIDANCE BUREAU

**കരിയർ ഗൈഡൻസ് ബ്യൂറോ**

ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999